പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 423 | 19.10.2011-ൽ മറുപടിക്ക് |
|---|---|

## പ്രവാസി പ്രശ്നങ്ങൾക്ക് പരിഹാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ<br>,, എ. പ്രദീപ്കുമാർ<br>,, എം. ഹംസ<br>,, ജെയിംസ് മാത്യു | ശ്രീ. കെ.സി. ജോസഫ്<br>(ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പ്രവാസി സമൂഹം നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; പ്രവാസികൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; | (എ) | പ്രവാസികൾ നേരിട്ടുകൊണ്ടിരിക്കുന്ന വിവിധ പ്രശ്നങ്ങളിൽ സർക്കാർ സമയോചിതമായി ഇടപെടാറുണ്ട്. സംസ്ഥാന സർക്കാരിന്റേയും കേന്ദ്ര സർക്കാരിന്റേയും പ്രവാസി കേരളീയർക്കായുള്ള വിവിധ ഓഫീസുകൾ ഒരു കെട്ടിടത്തിൽത്തന്നെ ലഭ്യമാക്കുന്നതിനായി നോർക്ക സെന്റർ എന്ന ബൃഹത്തായ കെട്ടിടം ഉത്ഘാടനം ചെയ്തു. കൂടാതെ പ്രവാസി കേരളീയർക്കായി ഒരു കോൾ സെന്റർ നോർക്ക സെന്ററിൽ ആരംഭിച്ചു. പ്രവാസികളുടെ/കുടുംബാംഗങ്ങളുടെ പരാതികൾ പരിഹരിക്കാൻ ജില്ലകളിൽ നോർക്ക റൂട്ട് സെല്ലുകൾ ശക്തമാക്കുന്നതിന് തീരുമാനിച്ചു. ചെയർമാൻഫണ്ട് ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു. നോർക്ക റൂട്ട്സിന്റെ ഓഫീസുകൾ ഗുജറാത്തിലെ ബറോഡയിലും, ചെന്നൈയിലും ആരംഭിച്ചു. പ്രവാസി തിരിച്ചറിയൽ കാർഡ് ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു. ജില്ലാ നോർക്ക സെല്ലുകളിലൂടെയുള്ള അറ്റസ്റ്റേഷൻ സേവനം വിപുലമാക്കി. സാന്ത്വന പദ്ധതി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ആലോചനയുണ്ട്.. കേന്ദ്ര സർക്കാർ ഔദ്യോഗിക റിക്രൂട്ട്മെന്റ് ഏജന്റായി നോർക്ക റൂട്ട്സിനെ വീണ്ടും അംഗീകരിച്ചു. |
| (ബി) | പ്രവാസികൾക്ക് വിമാനയാത്രാക്കൂലി വർദ്ധന, എമിഗ്രേഷൻ ക്ലിയറൻസിലെ പ്രശ്നങ്ങൾ, എംബസികളിലെ പ്രശ്നങ്ങൾ എന്നിവ പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുമോ ? | (ബി) | കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ